# പ്രധാനമന്ത്രിയുടെ ബംഗ്ലാദേശ്  സന്ദര്ശനം

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി, ബംഗ്ലാദേശ് സന്ദര്ശിക്കുന്നു. ജൂണ് 6, 7 തീയതികളിലാണ് സന്ദര്ശനം (ജൂണ് 6-7,2015). ബംഗ്ലാദേശ് പ്രധാനമന്ത്രി ആദരണീയയായ ഷേക് ഹസീനയുടെ ക്ഷണം സ്വീകരിച്ചാണ് സന്ദര്ശനം .   ഉഭയകക്ഷി ബന്ധങ്ങള്ക്ക് ഇന്ത്യ കൊടുക്കുന്ന പ്രാധാന്യം പ്രതിഫലിക്കുന്ന ഒന്നാണ്, ബംഗ്ലാദേശിലേക്കുള്ള പ്രധാനമന്ത്രിയുടെ ഈ ആദ്യ സന്ദര്ശനം . ഇരു രാജ്യങ്ങള്ക്കുമിടയില് ഇപ്പോള് നിലവിലുള്ള ഊഷ്മളമായ സഹകരണ ബന്ധങ്ങള് കൂടുതല് വികസിപ്പിക്കുന്നതിനും ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള വിശ്വാസവും സൌഹൃദവും കൂടുതല് ഉറപ്പാക്കുന്നതിനും  സന്ദര്ശനം  സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സന്ദര്ശനത്തോട് അനുബന്ധിച്ച് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി, പ്രധാനമന്ത്രി ഷേക് ഹ്സീനയുമായി ചര്ച്ചകള് നടത്തും. ബംഗ്ലാദേശ് പ്രസിഡണ്ട് ആദരണീയനായ ശ്രീ മൊഹമ്മദ് അബ്ദുള് ഹമീദുമായൊരു കൂടിക്കാഴ്ചയും പ്രധാനമന്ത്രിയുടെ പരിപാടിയില് ഉള്പ്പെടുന്നു .

ന്യൂഡെല്ഹി
മെയ് 26, 2015